# ശ്ലീഹാകാലം

## വചന വിചിന്തനം

### ശ്ലീഹാകാലം ആറാം ഞായർ

**ലൂക്കാ 12,57-113,9**

> **"അതു വെട്ടിക്കളയുക.**
> **എന്തിനു നിലം പാഴാക്കണം?"**
> **ഫലം സമ്മാനിക്കാത്ത അത്തിവൃക്ഷത്തിന്റെ അന്ത്യം**
> **എന്തുമാത്രം ഭീകരമാണ്!**

*57 എന്തുകൊണ്ട് നിങ്ങൾ ശരിയായി വിധിക്കുന്നില്ല?*

പ്രകൃതിസംഭവങ്ങലെ അടയാളങ്ങളിൽ നിന്നു മനസ്സിലാക്കാൻ കഴിയുന്ന ഇസ്രായേൽക്കാർ നിർണ്ണായകതിരുമാനം എടുക്കേണ്ട നിമിഷത്തിൽ അറച്ചുനിൽക്കുക ശരിയല്ല. തക്കസമയത്ത് ഉചിതമായ തിരുമാനം എടുക്കണമെന്ന ആഹ്വാനമാണ്, 'നിങ്ങൾ ശരിയായത് വിധിക്കാത്തത് എന്തുകൊണ്ട്' എന്ന ചോദ്യം അർത്ഥമാക്കുന്നത്.

"എന്തുകൊണ്ട് നിങ്ങൾ
ശരിയായി വിധിക്കുന്നില്ല?"
ഒരിക്കലും
വിധിക്കാൻ
പാടില്ല...
ഇനി വിധിക്കുന്നെങ്കിൽ
ശരിയായി വിധിക്കണം!

*58 നീ നിൻെറ ശത്രുവിനോടുകൂടെ അധികാരിയുടെ*
*അടുത്തേക്കു പോകുമ്പോൾ, വഴിയിൽ വച്ചുതന്നെ*
*അവനുമായി രമ്യതപ്പെട്ടു കൊള്ളുക: അല്ലെങ്കിൽ അവൻ*
*നിന്നെന്യായാധിപൻെറ*
*അടുത്തേക്കുകൊണ്ടുപോവുകയുംന്യായാധിപൻ നിന്നെ*
*കാരാഗൃഹപാലകനെ ഏൽപിക്കുകയും അവൻ*
*നിന്നെതടവിലാക്കുകയും ചെയ്യും.*

ഉപമാരൂപത്തിലുള്ള മുന്നറിയിപ്പാണ് ഇവിടെ കാണുന്നത്. ഏതോ ഒരു കുറ്റത്തിന്റെ പേരിൽ, ഒരാളെ വേറൊരാൾ കോടതിയിലേക്കു കൊണ്ടുപോകുന്നു. കുറ്റക്കാരൻ ശിക്ഷിക്കപ്പെട്ടെന്നു വരാം. 'ഞാൻ നിന്നോടു പറയുന്നു' എന്ന വാക്യം ശിക്ഷാവിധിയുടെ ഉഗ്രത കാട്ടുന്നു. ഈ വിക്ഷാവിധിയെ യുഗാന്ത്യശിക്ഷാവിധിയായി ലൂക്കാ കാണുന്നു. അത് ഏതുവിധേനേയും ഒഴിവാക്കണമെന്ന ആഹ്വാനമാണ് ഇവിടെ കാണുന്നത്. അനുദിനാനുഭവത്തിലവിന്നുള്ള ഒരുദാഹരണമാണ് ഇവിടെ കാണുന്നത്. ഇവിടെ കേസു വിചാരണയെക്കുറിച്ചു പരാമർശമില്ല. വാദി പ്രതിയെ ന്യായധിപന് ഏൽപിച്ചുകൊടുത്താൽ, അദ്ദേഹം അയാളെ കാരാഗൃഹത്തിലടയ്ക്കും. ശിക്ഷ ഒഴിവാക്കാൻ പ്രതി ചെയ്യേണ്ടതു വാദിയുമായി രമ്യപ്പെടുകയാണ്. അയാൾ കഴിവതും വേഗം – വിധിസ്ഥലത്തേക്കുള്ള വഴിയിൽവച്ചെങ്കിലും – വാദിയുമായി രമ്യപ്പെടേണ്ടിയിരിക്കുന്നു.

*59 അവസാനത്തെ തുട്ടുവരെ കൊടുക്കാതെ നീ*
*അവിടെനിന്നു പുറത്തുവരുകയില്ല എന്നു ഞാൻ നിങ്ങളോടു*
*പറയുന്നു.*

ഇവിടെ പ്രധാനമായും പ്രതിപാദിക്കുന്നത്, മനുഷ്യർ തമ്മിൽ രമ്യപ്പെടേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചല്ല (മത്താ 5.25–26), ഇസ്രായേൽക്കാർ (മനുഷ്യർ) തങ്ങൾക്കു ലഭിക്കുന്ന അവസാനയവസരം ഉപയോഗപ്പെടുത്തി ദൈവവുമായി രമ്യപ്പെടണമെന്നാണ്. ഇവിടെ ദൈവമാണു മനുഷ്യന്റെ ശത്രുവും വിധിയാളനും സേവകനും. കാരാഗൃഹത്തിലായിക്കഴിഞ്ഞാൽ, അവിടെനിന്നു പുറത്തുവരാൻ ഒരു മാർഗ്ഗവുമില്ല. കുറ്റവാളിക്കുവേണ്ടി ആരെങ്കിലും പിഴയൊടുക്കാമെന്നുണ്ടെങ്കിൽ, ഭൗമികകാരഗൃഹങ്ങളിൽനിന്ന് അയാൾക്കു പുറത്തുവരാൻ കഴിയും. നിത്യകാരാഗൃഹത്തിൽനിന്നു പുറത്തുവരുക

സാധ്യമല്ല. ഈ വിവരണം അനുവാചകരോട് ആവശ്യപ്പെടുന്നത്. തങ്ങൾ ജീവിക്കുന്ന സമയത്തിന്റെ രാക്ഷാകരപ്രാധാന്യത്തെക്കുറിച്ച് ഓരോരുത്തരും ബോധവാന്മാരായിരിക്കണമെന്നാണ്.

*1 ഗലീലിയക്കാരായ ഏതാനും പേരുടെ ബലികളിൽ അവരുടെ രക്തംകൂടി പീലാത്തോസ് കലർത്തിയ വിവരം, ആ സമയത്ത് അവിടെയുണ്ടായിരുന്ന ചിലർ അവനെ അറിയിച്ചു*

ഈ വിവരണത്തിൽ കാണുന്നത് പശ്ചാത്താപത്തിനുള്ള ആഹ്വാനമാണ്. ഇവിടെ പരാമർശിക്കുന്ന സംഭവം ചരിത്രപരമായിരിക്കയില്ല. കാരണം, അങ്ങനെയൊരു സംഭവത്തെക്കുറിച്ചു ഈശോയുടെ കാലത്ത് അറിവുണ്ടായിരുന്നില്ല. ഏ.ഡി 35–ൽ ഗരിസിം മലയുടെ അടുവാരത്തുവച്ചു പീലാത്തോസ് കുറെ സമരിയാക്കാരെ വധിച്ചതായി ജോസഫ് ഫ്ളാവിയൂസ് രേകപ്പെടുത്തുന്നുണ്ട്. അതു ഈശോയുടെ കാലത്തു ജറുസലേം ദേവാലയത്തിൽവച്ചു സംഭവിച്ചതായി ലൂക്കാ സങ്കല്പിക്കുന്നു. സംഭവത്തിന്റെ ചരിത്രപരതയല്ല, കൊല്ലപ്പെട്ടവർ മറ്റുള്ളവരെക്കാൾ പാപികളായിരുന്നില്ല എന്നതാണു പ്രധാനകാര്യം. പെസഹാത്തിരുന്നാളവസരത്തിൽ, ജറുസലേം ദേവാലയത്തിൽ, ബലിയർപ്പണത്തിൽ പങ്കുചേരാൻ വന്ന ഗലിലേയാതീർത്ഥാടകരെ പീലത്തോസ് വധിച്ചുപോലും!

*2–3 അവൻ ചോദിച്ചു: ഇവയെല്ലാം അനുഭവിച്ചതുകൊണ്ട് അവർ മറ്റെല്ലാ ഗലീലിയക്കാരെയുംകാൾ കൂടുതൽ പാപികളായിരുന്നു എന്നു നിങ്ങൾ കരുതുന്നുവോ? അല്ല എന്നു ഞാൻ പറയുന്നു. പശ്ചാത്തപിക്കുന്നില്ലെങ്കിൽ നിങ്ങളെല്ലാവരും അതുപോലെ നശിക്കും.*

"പശ്ചാത്തപിക്കുന്നില്ലെങ്കിൽ നിങ്ങളെല്ലാവരും അതുപോലെ നശിക്കും." പശ്ചാതപിക്കാത്തവർക്ക് നാശം ഉറപ്പാണ്!

യഹൂദസങ്കല്പമനുസരിച്ച്, അത്തരം ദുരന്തങ്ങൾ പാപത്തിനുള്ള ശിക്ഷയാണ്. കുറ്റമില്ലാത്തിടത്തു ശിക്ഷയുണ്ടാവില്ലെന്നത് അതിനുള്ള കാരണവും. ഈശോ ആ അഭിപ്രായത്തോടു യോജിക്കാത്തതുകൊണ്ടാണ്, ബലിയർപ്പണത്തിനു വന്നവർ മറ്റുള്ളവരെക്കാൾ പാപികളായിരുന്നോ എന്ന ചോദിക്കുന്നത്. ലൂക്കായുടെ വീക്ഷണത്തിൽ, എല്ലാവരും പാപികളാണെന്ന പൊതുസങ്കല്പമാണ് ഈശോ പുലർത്തുന്നത്. എല്ലാവരും പാപികളാകയാൽ, പശ്ചാത്തപിച്ച്, വരാനിരിക്കുന്ന ശിക്ഷയിൽനിന്നു രക്ഷപ്പെടുണമെന്ന് ഈശോ ആഗ്രഹിക്കുന്നു. അല്ലാത്തപക്ഷം, എല്ലാവരും ശിക്ഷ അനുഭവിക്കേണ്ടിവരും. പശ്ചാത്താപം ദൈവത്തിങ്കലേക്കുള്ള മടങ്ങിവരവാണ്, ദൈവവുമായുള്ള അനുരഞ്ജനമാണ്. ലൂക്കാ ജറുസലേം നാശത്തെ (ഏ.ഡി 70) ഇസ്രാൽക്കാരുടെ തെറ്റിനുള്ള ശിക്ഷയായി കാണുന്നു.

*4–5 അഥവാ, സിലോഹായിലെ ഗോപുരം ഇടിഞ്ഞുവീണു കൊല്ലപ്പെട്ട ആ പതിനെട്ടു പേർ, അന്നു ജറുസലെമിൽ വസിച്ചിരുന്ന എല്ലാവരെയുംകാൾ കുറ്റക്കാരായിരുന്നു എന്നു നിങ്ങൾ വിചാരിക്കുന്നുവോ? അല്ല എന്നു ഞാൻ പറയുന്നു: പശ്ചാത്തപിക്കുന്നില്ലെങ്കിൽ നിങ്ങളെല്ലാവരും അതുപോലെ നശിക്കും.*

ആ ലക്ഷ്യം സാധിക്കുന്നതിന്, ചരിത്രപരമായി തെളിവില്ലാത്ത ഒരു സംഭവംകൂടി ഇവിടെ വിവരിച്ചിരിക്കുന്നു. ജോസഫ് ഫ്ളാവിയൂസിന്റെ വിവരണമനുസരിച്ച്, പീലാത്തോസിന്റെ നിർദ്ദേശപ്രകാരം നീർച്ചാൽപ്പണി നടന്നുകൊണ്ടിരിക്കുനേപോൾ, ശീലോഹാക്കുളത്തിനടുത്തുള്ള പട്ടണമതിൽഗോപുരം ഇടിഞ്ഞുവീണു കുറെ ആളുകൾ മരിക്കയുണ്ടായി. ഒരു ഗോപുരം ഇടിഞ്ഞുവീണ് കുറെപ്പേർ മരിച്ചെങ്കിൽ, അതു അവരുടെ പാപത്തിനുള്ള ശിക്ഷയായിരുന്നെന്നു ഈശോ കരുതുന്നില്ല. അവർ മറ്റുള്ളവരെക്കാൾ പാപികായിരുന്നില്ലെന്നു സ്പഷ്ടം. ഈശോയുടെ കാലത്തെ യഹൂദരെപ്പോലെ, ഇന്നും അത്തരം മുൻവിധികൾ പുലർത്തുന്നവരുണ്ടെന്നകാര്യം വിചിത്രമായിരിക്കുന്നു.

*6 അവൻ ഈ ഉപമ പറഞ്ഞു: ഒരുവൻ മുന്തിരിത്തോട്ടത്തിൽ ഒരു അത്തിവൃം നട്ടുപിടിപ്പിച്ചു. അതിൽ പഴമുണ്ടോ*

*എന്നുനോക്കാൻ അവൻ വന്നു; എന്നാൽ ഒന്നും കണ്ടില്ല.*

പഴയനിയമത്തിൽ, ഇസ്രായേലിനെ പലപ്പോഴും അത്തിമരത്തോട് ഉപമിച്ചിട്ടുണ്ട് (ഹോസി 9.10; ജറെ 8.13), മുന്തിരിത്തോപ്പിലെ അത്തിവൃക്ഷത്തിന്റെ ഉപമ, പശ്ചാത്താപത്തിന്റെ ആവശ്യകത സമർത്ഥിക്കാൻ ഉദ്ദേശിച്ചുള്ളതാണ്. ഇസ്രായേൽ മുന്തിരിത്തോപ്പും (ഏശ 5.1-7) ജറുസലേം അത്തിമരവും ആണെന്ന വ്യാഖ്യാനത്തിനു വലിയ പ്രസക്തിയില്ല. മുന്തിരിത്തോപ്പിൽ അത്തിവൃക്ഷം നടുമോ എന്ന ചോദ്യം പ്രസക്തമല്ല. മുന്തിരിത്തോപ്പുകൾ വച്ചുപിടിപ്പിക്കുമ്പോഴും, ഫലവൃക്ഷങ്ങൾ വെട്ടി നശിപ്പിപ്പിക്കുന്ന പതിവ് പാലസ്തീൻകാർക്ക് ഇല്ലായിരുന്നു.

*7 അപ്പോൾ അവൻ കൃഷിക്കാരനോടു പറഞ്ഞു: മൂന്നു വർഷമായി ഞാൻ ഈ അത്തിവൃക്ഷത്തിൽനിന്ന് ഫലം അന്വേഷിച്ചുവരുന്നു; ഒന്നും കാണുന്നില്ല. അതു വെട്ടിക്കളയുക. എന്തിനു നിലം പാഴാക്കണം?*

ഫലം കായ്ക്കാത്ത വൃക്ഷങ്ങൾ വെട്ടി തീയിലിടുകയാണു കൃഷിക്കാർ ചെയ്യാറുള്ളത് (3.9). 'മൂന്നു വർഷം' ഈശോയുടെ പരസ്യപ്രവർത്തനകാലത്തെ സൂചിപ്പിക്കുന്നില്ല. മൂന്നുവർഷം ഫലം തേടിയ കൃഷിക്കാരന്റെ ക്ഷമ നശിച്ചിരിക്കുന്നുപോലും! വെട്ടിക്കളയുക എന്നതിന്റെ അർത്ഥം 'നശിപ്പിക്കുക' എന്നായതിനാൽ, അതു വിധിയെ സൂചിപ്പിക്കുന്നു.

*8-9 കൃഷിക്കാരൻ അവനോടു പറഞ്ഞു:യജമാനനേ, ഈ വർഷം കൂടെ അതു നിൽക്കട്ടെ. ഞാൻ അതിൻെറ ചുവടുകിളച്ചു വളമിടാം. മേലിൽ അതു ഫലം നൽകിയേക്കാം. ഇല്ലെങ്കിൽ നീ അതു വെട്ടിക്കളഞ്ഞുകൊള്ളുക.*

"ഒരു അത്തിവൃം നട്ടുപിടിപ്പിച്ചു. അതിൽ പഴമുണ്ടോ എന്നുനോക്കാൻ അവൻ വന്നു..." നടുന്നവൻ മാത്രമല്ല ഫലവും അന്വേഷിക്കുന്നവനാണ് ക്രിസ്തു!

മരത്തിനു ലഭിച്ചതുപോലെ, ഈശോയുടെ പ്രവർത്തനങ്ങൾവഴി ഒരവസാനയവസരം കൂടി ഇസ്രായേൽക്കാർക്കു ലഭിച്ചു. മരത്തിനു എന്തു സംഭവിച്ചുവെന്ന് ഇവിടെ പരാമർശമില്ല. പശ്ചാത്താപത്തിനുള്ള അവസാനയവസരവും ഉപയോഗപ്പെടുത്തുന്നവർക്കു രക്ഷയുണ്ടാകും എന്ന സൂചനയാണ് ഇവിടെയുള്ളത്.

ഈ ഉപമ പശ്ചാത്താപത്തിന്റെ ആവശ്യം എടുത്തുകാട്ടുന്നു. ഒരത്തിമരത്തെ ഈശോ ശപിക്കുന്ന സംഭവുമായി ഈ ഉപമയ്ക്കു സാദൃശ്യമുണ്ട് (മർക്കോ 11.12-14). ലൂക്കാ ആ സംഭവം രേഖപ്പെടുത്തുന്നില്ല (19.45...). ലൂക്കായുടെ സുവിശേഷത്തിലെ ഉപമയുടെ ചരിത്രാവതരണമായി മർക്കോസിന്റെ സുവിശേഷത്തിലെ സംഭവത്തെ ഇന്നു ചിലർ കാണുന്നുണ്ട്. ലൂക്കായെ സംബന്ധിച്ചിടത്തോളം, ഈ ഉപമ ഈശോയുടെ അനുതാപപ്രസംഗത്തിന് ഒരുദാഹരണമാണ്.

---

കടപ്പാട്: **റവ.ഡോ.തോമസ് കയ്യാലപറമ്പിൽ**
*"സുവിശേഷ വ്യഖാനം: വി.ലൂക്കാ"*